# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4804    24.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്)

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്ക് :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>,, സി. കെ. സദാശിവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശുപത്രികളുടെ നിലവാരം ഉറപ്പാക്കൽ പദ്ധതി പ്രകാരം കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) ലഭിക്കാനായി എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട് ; | (എ) കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ കുറഞ്ഞത് 70 ശതമാനം പാലിച്ചിരിക്കണം. ഇതുകൂടാതെ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിർബന്ധിതമായ മാനദണ്ഡങ്ങളും പാലിച്ചിരിക്കണം. കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസിൽ ഈ മാനദണ്ഡങ്ങൾ 12 അധ്യായങ്ങളിലായി ചുവടെ ചേർക്കും പ്രകാരം വിവരിച്ചിരിക്കുന്നു.<br>1. രോഗ നിർണ്ണയം<br>2. ലബോറട്ടറി സേവനങ്ങൾ<br>3. രോഗീ പരിചരണം<br>4. മരുന്നു നൽകൽ<br>5. രോഗിയുടെ അവകാശങ്ങളും ഉത്തരവാദിത്തവും<br>6. അണുബാധാ നിയന്ത്രണം<br>7. ഗുണനിലവാര സൂചികകൾ<br>8. ആശുപത്രി ഭരണം<br>9. മെഡിക്കൽ റിക്കോർഡ് മാനേജ്മെന്റ്<br>10. മാനവവിഭവശേഷി<br>11. അടിസ്ഥാന സൗകര്യങ്ങൾ<br>12. പൊതു ആരോഗ്യ പദ്ധതികൾ |

(......2)

(ബി) മിഷൻ 676 സമയ പരിധിയനുസരിച്ച് എത്ര ആശുപത്രികൾക്കാണ് അക്രഡിറ്റേഷൻ ലഭ്യമാക്കേണ്ടിയിരുന്നത് ; ഇതിനോടകം എത്ര ആശുപത്രികൾക്ക് അക്രഡിറ്റേഷൻ ലഭിച്ചു ;

(ബി) 13 ആശുപത്രികൾക്ക്. ഈ കാലയളവിൽ 4 ആരോഗ്യ സ്ഥാപനങ്ങൾക്ക് കാഷ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിലെ പി.എച്ച്.സി. കൊല്ലയിൽ
2. എറണാകുളത്തെ പി.എച്ച്.സി. വാളകം
3. ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി
4. കോഴിക്കോട് ജില്ലയിലെ താലൂക്ക് ആശുപത്രി താമരശ്ശേരി

ഇതുകൂടാതെ എറണാകുളത്തെ സാമൂഹികാരോഗ്യ കേന്ദ്രത്തിന് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിച്ചു.

കേന്ദ്ര സർക്കാർ ആശുപത്രികളിലെ ഗുണനിലവാരം പരിശോധിച്ച് ദേശീയ സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി. പണ്ടപ്പിള്ളി, പി.എച്ച്.സി. ചെമ്മരുതി, സി.എച്ച്.സി. വെള്ളറട എന്നിവയ്ക്ക് സ്റ്റേറ്റ് ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സർട്ടിഫിക്കേഷൻ നൽകി.

(സി) പ്രസ്തുത ആശുപത്രികൾ ഓരോന്നിലും എന്തൊക്കെ പുതിയ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ ?

(സി)
* അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.
* രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.
* ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിച്ചു.
* രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം.
* ടോക്കൺ സിസ്റ്റം നടപ്പിലാക്കി.
* ഒ.പി. യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
* ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമ സ്ഥലം.
* രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.

(.....3).

* വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.
* രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.
* അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.
* അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നു.
* ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.
* മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.
* ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി.
* രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയ ശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു.
* ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.
* ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്തു.
* രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു.
* രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.
* രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു.
* പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചു വരുന്നു.
* ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്നു വിതരണം എന്നിവ നടപ്പിലാക്കി.
* ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പു വരുത്തി.

(.....4)

* ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നതു മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.
* ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.
* എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.
* ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.
* കേടായ ഉപകരണങ്ങൾ നന്നാക്കി.
* അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
* അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കി.
* രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.
* ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.
* മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി, ചികിത്സാക്രമം രേഖപ്പെടുത്തിയ പ്രോട്ടോകോൾ രൂപീകരിച്ചു.
* പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.
* ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.
* അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.
* വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.
* ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു.
* നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.

(.....5)

* രോഗികളെക്കുറിച്ചുള്ള വിവരസാങ്കേതിക സംവിധാനം നടപ്പിലാക്കി.
* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.
* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചു വരുന്നു.
* ഗുണനിലവാരപ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തി വരുന്നു.
* പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.
* കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

ചെലവഴിച്ച തുകയുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ചുവരുന്നു.

P. [signature]

സെക്ഷൻ ഓഫീസർ